I/47453/2023

**ഭരണഭാഷ മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വികാസ്ഭവൻ, തിരുവനന്തപുരം

(ഹാജർ: ശ്രീകുമാർ.ബി)

വിഷയം :- ഡിഇഎസ് - ടിഎ – ജില്ലാ ഓഫീസുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് അഡീഷണൽ ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും ജില്ലകളുടെ ചുമതല നൽകി കൊണ്ട് ഉത്തരവാകുന്നു.

പരാമർശം :-

1. 23/08/2022 ലെ ഡിഇഎസ്/2461/2022-പിഎൽ(1) നമ്പർ ഉത്തരവ്
2. 20/09/2023-ലെ ടിഎ/2905/2023/ഡിഇഎസ് നമ്പർ സർക്കുലർ.
3. 04/12/2023-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി യോഗ തീരുമാനം.

**ഉത്തരവ് നം. ഡിഇഎസ്/5393/2023-ടിഎ തീയതി:17-12-2023**

വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും നവീകരണവുമായി ബന്ധപ്പെട്ടും ജില്ലകളുടെ ചുമതല അഡീഷണൽ ഡയറക്ടർമാർക്ക് വിഭജിച്ച് നൽകി കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ഡയറക്ടറേറ്റിൽ നിന്ന് ജില്ലയിൽ സന്ദർശനം നടത്തുന്ന ജോയിന്റ് ഡയറക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർ ജില്ലയിലെ എല്ലാ പ്രവർത്തനങ്ങളും പരിശോധിക്കേണ്ടതാണെന്ന് പരാമർശം (2) പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

പരാമർശം (3) പ്രകാരം ജില്ലാ ഓഫീസുകളിലെ പരിശോധനയുമായി ബന്ധപ്പെട്ട് അഡീഷണൽ ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും വിവിധ ജില്ലകളുടെ ചുമതല നൽകികൊണ്ട് തീരുമാനം എടുത്തിരുന്നു.

മേൽ സാഹചര്യത്തിൽ വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും നവീകരണവുമായി ബന്ധപ്പെട്ടും ചുവടെ പറയുന്ന പ്രകാരം അഡീഷണൽ ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും ജില്ലകളുടെ ചുമതല നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| തസ്തിക | ജില്ല |
|---|---|
| അഡീഷണൽ ഡയറക്ടർ (പ്രൈസസ്) | ആലപ്പുഴ, മലപ്പുറം, കണ്ണൂർ |
| അഡീഷണൽ ഡയറക്ടർ (എസ്.ഐ) | പത്തനംതിട്ട,കോഴിക്കോട്, തൃശ്ശൂർ |
| ജോയിന്റ് ഡയറക്ടർ (എസ് & ഡി) | കോട്ടയം, ഇടുക്കി |
| ജോയിന്റ്ഡയറക്ടർ (ഇ.എ.ആർ.എ.എസ്) | തിരുവനന്തപുരം, എറണാകുളം, |

I/47453/2023

| | |
|---|---|
| | പാലക്കാട് |
| ജോയിന്റ് ഡയറക്ടർ (എ.ജി.സി) | കൊല്ലം, കാസർകോട്, വയനാട് |

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചുമതല നൽകിയിട്ടുള്ള ജില്ലകളിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളും, മറ്റ് പരിശോധനകളും നിർവ്വഹിക്കേണ്ടതും ആയതിന്റെ പരിശോധനാ റിപ്പോർട്ടുകൾ സമയബന്ധിതമായി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

ജില്ലകൾ സന്ദർശിക്കുന്ന ഉദ്യോഗസ്ഥർ ജില്ലാ/താലൂക്ക് തലങ്ങളിലുള്ള ജീവനക്കാരുമായും, ഇതര വകുപ്പുകളിലെ ഓഫീസുകളിൽ ജോലി ചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ജീവനക്കാരുമായും വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടത്തേണ്ടതും, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ വിന്യാസം, നിർവ്വഹിക്കുന്ന ജോലികൾ, നിലവിൽ ചെയ്തു വരുന്ന പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ച് വിലയിരുത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

Signed by
Sreekumar B
Date: 17-12-2023 13:59:19
DIRECTOR

പകർപ്പ്:-

1. ഡയറക്ടറുടെ സി.എ
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
3. അഡീഷണൽ ഡയറക്ടർമാർ/ജോയിന്റ് ഡയറക്ടർമാർ
4. എല്ലാ സെക്ഷൻ മേധാവികൾക്കും
5. എല്ലാ ജില്ലാ ഓഫീസുകൾക്കും
6. ഫയൽ, കരുതൽ ഫയൽ.